No. CEE/3737/2018/MDA/TA4

കേരള സർക്കാർ

പ്രവേശന പപരീക്ഷാ കമ്മീഷണറുടെ കാര്യാലയം

ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

## പത്രക്കുറിപ്പ്

## പി. ജി ആയൂർവ്വേദ കോഴ്സിലേയ്ക്കുള്ള പ്രവേശനം-2018

## പുതുക്കിയ സീറ്റ് മെട്രിക്സ് പ്രകാരമുള്ള സ്പോട്ട് അഡ്മിഷൻ സംബന്ധിച്ച്

പി.ജി ആയുർവേദ കോഴ്സ് 2018 വർഷത്തെ പ്രവേശന നടപടികളും ഇതുവരെ നടത്തിയ എല്ലാ പ്രവേശനങ്ങളും ബഹു. ഹൈക്കോടതിയുടെ വിധി പ്രകാരം പുന:ക്രമീകരിക്കേണ്ടതായി വന്നിട്ടുണ്ട്. കേന്ദ്ര ആയുഷ് വകുപ്പിന്റെ നിർദ്ദേശ പ്രകാരം 15.11.2018 ന് മുൻപ് പി.ജി ആയുർവേദ കോഴ്സിലേയ്ക്കുള്ള എല്ലാ പ്രവേശന നടപടികളും പൂർത്തീകരിക്കേണ്ടതായിട്ടുണ്ട്. ആയതിനാൽ 2018 വർഷത്തെ പി.ജി ആയുർവേദ കോഴ്സിലെ പ്രവേശനത്തിനായുള്ള പുതുക്കിയ സീറ്റ് മെട്രിക്സ് പ്രകാരമുള്ള സ്പോട്ട് അഡ്മിഷൻ **15.11.2018 വ്യാഴാഴ്ച രാവിലെ 10 മണി** മുതൽ **തിരുവനന്തപുരം, പാളയം എൽ.എം.എസ് കോമ്പൗണ്ടിലെ റ്റി.ജെ.എം ഹാളിൽ** വച്ച് നടത്തുന്നതാണ്. പ്രസ്തുത സ്പോട്ട് അഡ്മിഷനിൽ ഇതിനകം പ്രവേശനം ലഭിച്ച വിദ്യാർത്ഥികൾ ഉൾപ്പെടെ പ്രവേശന പരീക്ഷാ കമ്മീഷണർക്ക് അപേക്ഷ സമർപ്പിച്ച യോഗ്യരായ എല്ലാ വിദ്യാർത്ഥികളും നിർബന്ധമായും പങ്കെടുക്കേണ്ടതാണ്. പ്രവേശന പരീക്ഷാ കമ്മീഷണർ 09.11.2018 ൽ പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടവർ മാത്രമായിരിക്കും സ്പോട്ട് അഡ്മിഷനിൽ പങ്കെടുക്കാൻ യോഗ്യരായിരിക്കുന്നത്. സ്പോട്ട് അഡ്മിഷന് ഹാജരാകേണ്ട സമയം ചുവടെ ചേർക്കുന്നു.

| | |
|---|---|
| റാങ്ക് 1 മുതൽ 300 വരെ | രാവിലെ 10 മണി |
| റാങ്ക് 301 മുതൽ 771 വരെ | ഉച്ചയ്ക്ക് ശേഷം 2 മണിയ്ക്ക് |

സ്പോട്ട് അഡ്മിഷൻ സംബന്ധിച്ച വിശദമായ വിജ്ഞാപനം വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്.

തിരുവനന്തപുരം
13.11.2018

**പ്രവേശന പരീക്ഷാ കമ്മീഷണർ**